

കുടുംബശ്രീ
## വിശേഷങ്ങൾ

**എസ്. ഹരികിഷോർ ഐഎഎസ്**
(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)


**കുടുംബശ്രീ ബാലസഭകളുടെ എണ്ണം 43,000 ആയി. ഏഴു ലക്ഷത്തിലധികം കുട്ടികളാണ് അംഗങ്ങൾ. കുടുംബശ്രീ അംഗങ്ങളുടെ മക്കൾക്കു മാത്രമായുള്ള വലിയ കൂട്ടായ്മയാണത്.**



# എല്ലാ പഞ്ചായത്തുകളിലും ‘ബാല പാർലമെന്റ്’

അയൽക്കൂട്ട മീറ്റിങ്ങുകളിലേക്ക് അമ്മമാർ വരുമ്പോൾ കുട്ടികളെക്കൂടി കൊണ്ടുവരുമായിരുന്നു. ഈ കുട്ടികൾ ആദ്യം അമ്മമാരുടെ കൂടെ യോഗസ്ഥലത്ത് ഇരിക്കുകയും പിന്നീട് ഒരു ഗ്രൂപ്പായി കളിക്കാൻ തുടങ്ങുകയും ചെയ്തതിൽനിന്ന് ആശയം ഉൾക്കൊണ്ടാണു കുട്ടികൾക്കായി ‘ബാലസഭ’കൾ ഒരുക്കാൻ കുടുംബശ്രീ മിഷൻ തീരുമാനിച്ചത്. അഞ്ചു വയസ്സുമുതൽ 15 വയസ്സ് വരെയുള്ള കുട്ടികളുടെ കൂട്ടായ്മയായാണു ‘ബാലസഭ’കൾ തുടങ്ങിയത്. ഇന്നു കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലുമായി 43,000ൽ അധികം ബാലസഭകൾ ഉണ്ട്. ഏഴു ലക്ഷത്തിലധികം കുട്ടികളാണു ‘ബാലസഭ’യിലെ അംഗങ്ങൾ.

കുട്ടികളുടെ കൂട്ടായ്മയായി തുടങ്ങിയ ബാലസഭകൾക്കു കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ വ്യക്തമായ ഒരു ഘടന പിന്നീടു നൽകുകയുണ്ടായി. ഓരോ വാർഡിലും 10 മുതൽ 30 വരെ കുട്ടികൾ അടങ്ങുന്ന ‘അയൽക്കൂട്ട’ങ്ങൾക്കു സമാനമായ സംഘങ്ങളാണു ‘ബാലസഭ’കൾ. ഒരു വാർഡിൽ ഒന്നോ അതിലധികമോ ബാലസഭകൾ ഉണ്ടാകാം. ആഴ്ചതോറും മീറ്റിങ് കൂടണമെന്ന നിബന്ധനയാണുള്ളത്.

കുടുംബശ്രീയുടെ മൂന്നു തലത്തിലുള്ള സംഘടനാ സംവിധാനം ബാലസഭയ്ക്കും നൽകിയിട്ടുണ്ട്. ബാലസഭകളുടെ പ്രവർത്തനത്തിനു വാർഡ് തലത്തിൽ നേതൃത്വം നൽകുന്നതു ബാലസഭാ ഭാരവാഹികളുടെ കൂട്ടായ്മയായ ‘ബാലസമിതി’യാണ്. വിവിധ ബാലസമിതികളുടെ പ്രതിനിധികൾ ചേർന്നു പഞ്ചായത്തു തലത്തിൽ മേൽനോട്ടം നൽകാൻ ‘ബാലപഞ്ചായത്തും’ ഉണ്ട്. പുതുക്കിയ ബൈലോ പ്രകാരം ആറുമുതൽ 18 വയസ്സു വരെയുള്ള കുട്ടികൾക്കു ബാലസഭയിൽ അംഗത്വമെടുത്തു പ്രവർത്തിക്കാൻ സാധിക്കും.

കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വളർത്താനും പഠനത്തിനു പ്രോത്സാഹനം നൽകാനും പാഠ്യേതര പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പ്രചോദനം നൽകാനും വിശാലമായ ചിന്തയെ ഉണർത്താനും ബാലസഭയുടെ പ്രവർത്തനങ്ങൾക്കു സാധിക്കുന്നു. ഇതു കൂടാതെ ബാലസമിതിയും ബാലപഞ്ചായത്തും പ്രവർത്തിക്കുന്നതിലൂടെ വിവിധ പ്രാദേശിക പ്രശ്നങ്ങൾ പഠിക്കാനും സാമൂഹിക വികസനത്തിനു നിർദേശങ്ങൾ നൽകാനും സേവനസന്നദ്ധതയോടെ പ്രവർത്തിക്കാനും കുട്ടികൾക്കു വലിയൊരു അവസരമാണു ‘ബാലസഭ’കളിലൂടെ ലഭിക്കുന്നത്. ആദ്യഘട്ടത്തിൽ ലഘു സമ്പാദ്യശീലം വളർത്താനും പദ്ധതിയുണ്ടായിരുന്നെങ്കിലും പിന്നീടു സാമൂഹിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കാണു ‘ബാലസഭ’കൾ ഊന്നൽ നൽകിയത്.

വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ഈ വർഷം ‘ബാലസഭ’കൾക്കുവേണ്ടി കുടുംബശ്രീ ആസൂത്രണം ചെയ്തിട്ടുള്ളത്. ബാലസഭാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഓരോ ബ്ലോക്കിലും മൂന്നു റിസോഴ്സ് പഴ്സൺമാരെ (കുടുംബശ്രീ പ്രവർത്തകർ) തിരഞ്ഞെടുത്തുകഴിഞ്ഞു. ഇവരിലൂടെ സെപ്റ്റംബർ മാസത്തിൽ ‘നാടറിയാൻ’ എന്ന ക്യാംപെയിനാണ് ആദ്യമായി ചെയ്യുക. ഓരോ പഞ്ചായത്തിലെയും ആറു കുട്ടികളെ തിരഞ്ഞെടുത്തു സ്വന്തം പഞ്ചായത്തിലൂടെ നടന്നു ചരിത്രവും വസ്തുതകളും മനസ്സിലാക്കി പൊതുപ്രശ്നങ്ങൾ പഠിച്ച് അവയ്ക്കുള്ള പരിഹാര മാർഗങ്ങളും നിർദേശിക്കാനാണു ‘നാടറിയാൻ’ എന്ന പദ്ധതി ആസൂത്രണം ചെയ്തത്. ‘ബാലസഭ’കളിലൂടെ പ്രാദേശിക വികസനം എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഒരു വലിയ തുടക്കമാകും ‘നാടറിയാൻ’ എന്നു കരുതുന്നു. എല്ലാവരുടെയും സഹകരണവും ആശയങ്ങളും ‘നാടറിയാൻ’ ക്യാംപെയിനിനുവേണ്ടി ഉണ്ടാകുമെന്നും കരുതട്ടെ.

തുടർന്നു ‘ബാലസഭ’യിലെ കുട്ടികളുടെ ഒരു മാസിക തുടങ്ങുക എന്ന ലക്ഷ്യവും സംസ്ഥാന മിഷനുണ്ട്. സർഗശേഷി വർധിപ്പിക്കാനും സ്വന്തം ആശയങ്ങൾ ആവിഷ്കരിക്കാനും വേദി നൽകുക എന്നുള്ള ലക്ഷ്യത്തോടെയുമാണ് ഈ മാഗസിൻ തുടങ്ങുന്നത്. ഒക്ടോബർ മാസത്തോടെ മാഗസിന്റെ പ്രവർത്തനങ്ങൾ തുടങ്ങി ആദ്യലക്കം പുറത്തിറക്കും.

ബാലസഭകളുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷങ്ങളിൽ ചിട്ടയോടെ നടന്നുവരുന്ന ഒരു പ്രവർത്തനമാണു ‘ബാല പാർലമെന്റ്.’ ജനാധിപത്യ പ്രക്രിയയെക്കുറിച്ചു കുട്ടികൾക്ക് അറിവുപകരാനും പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി നേതൃത്വം നൽകാൻ അവരെ പ്രാപ്തരാക്കാനും ബാല പാർലമെന്റുകൾക്ക് സാധിക്കുന്നു. എല്ലാ പഞ്ചായത്തുകളിലും നടക്കുന്ന ബാല പാർലമെന്റാണ് ആദ്യഘട്ടം. ഇതിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്കായി ജില്ലാതലത്തിൽ ബാല പാർലമെന്റ് നടത്തും. മന്ത്രിയും മുഖ്യമന്ത്രിയും സ്പീക്കറുമൊക്കെയായി കുട്ടികൾ തന്നെ പ്രശ്നങ്ങൾ അവതരിപ്പിക്കുമ്പോൾ പുതിയ ഉണർവാണു പ്രാദേശിക തലത്തിൽ ഉണ്ടാകുന്നത്. തുടർന്നു സംസ്ഥാനതലത്തിൽ ‘ബാല പാർലമെന്റ്’ നടത്തുകയും നിയമസഭ സന്ദർശിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുകയും ചെയ്യുന്നു.

‘യങ് മെന്റർ’ പ്രോഗ്രാം എന്ന നൂതന ആശയമാണ് ഈ വർഷം ‘ബാലസഭ’കൾക്കായി നടപ്പാക്കുന്ന മറ്റൊരു പദ്ധതി. കോളജ് വിദ്യാർഥികളായ കുട്ടികൾക്കു പരിശീലനം നൽകി ബാലസഭയിലെ തിരഞ്ഞെടുത്ത കുട്ടികൾക്കു നേതൃത്വ മികവിനുള്ള പരിശീലനം ഇവരിലൂടെ നൽകുന്ന പദ്ധതിയാണു ‘യങ് മെന്റർ’ പ്രോഗ്രാം.

ഇതിനുപരിയായി കുട്ടികളുടെ സർവതോന്മുഖമായ വികസനത്തിനും വ്യക്തിത്വ വികസനത്തിനും ഉതകുന്ന വിവിധ പരിശീലനങ്ങളും പ്രവർത്തനങ്ങളും നടത്താൻ ജില്ലാതലത്തിൽ ‘ബാലസഭ’കൾക്ക് അവസരം നൽകുന്നുണ്ട്. ഓരോ ജില്ലയുടെ പ്രവർത്തനങ്ങൾക്കും നൽകുന്ന ഈ സ്വാതന്ത്ര്യം ഉപയോഗിച്ചു വിവിധ പദ്ധതികൾ ജില്ലകളിൽ ആസൂത്രണം ചെയ്യുന്നു. പത്താംതരം പാസായ കുട്ടികൾക്കായി പത്തനംതിട്ട ജില്ലയിൽ നടത്തുന്ന പ്രതിമാസ ക്ലാസ് ‘ഇൻസൈറ്റ്’ ഇതിന്റെ ഒരു ഉദാഹരണമാണ്. കുട്ടികളുടെ യാത്രകളും ശാസ്ത്ര പഠന പരിപാടികളും കലാ-കായിക മത്സരങ്ങളുമെല്ലാം വിവിധ ജില്ലകളിൽ ആസൂത്രണം ചെയ്തുപോരുന്നു. കുട്ടികളുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങളും പിരിമുറുക്കങ്ങളും കുറയ്ക്കാനുള്ള കൗൺസലിങ് ക്ലാസുകളും അനുബന്ധ പ്രവർത്തനങ്ങളും എല്ലാം ബാലസഭയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുമ്പോൾ, പുതിയ തലമുറയുടെ സമഗ്ര വികസനവും വളർച്ചയും ‘കുടുംബശ്രീ’യിലൂടെ സാധ്യമാകുമെന്നു പ്രതീക്ഷിക്കാം.